# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5836 02.07.2019-ൽ മറുപടിയ്ക്ക്**

## എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരണം

**ചോദ്യം**

**ശ്രീ.അനിൽ അക്കര**
**ശ്രീ.റോജി എം. ജോൺ**
**ശ്രീ.അൻവർ സാദത്ത്**
**ശ്രീ.വി.പി.സജീന്ദ്രൻ**

**ഉത്തരം**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

(എ) മാരകമായ പുതിയ ലഹരി വസ്തുക്കൾ രാജ്യാന്തര മാഫിയ വഴി കേരളത്തിലേക്ക് വൻതോതിലെത്തുന്നുവെന്നും അന്വേഷണം പൂർത്തിയാകാതെ കേസുകൾ കെട്ടിക്കിടക്കുന്നുവെന്നും ആക്ഷേപമുള്ള സാഹചര്യത്തിലും എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരണം നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) എക്സൈസ് കമ്മീഷണർ ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ക്രൈംബ്രാഞ്ച് രൂപീകരണത്തെ നിയമവകുപ്പും എക്സൈസ് വകുപ്പും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ)യും (ബി)യും (സി)യും (ഡി)യും മയക്കുമരുന്നടക്കമുള്ള നിരോധിത ലഹരി വസ്തുക്കൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ തുടരന്വേഷണം വളരെ സൂക്ഷ്മതയോടും ഗൗരവത്തോടെയും നടത്തേണ്ടതുണ്ട്. കേസ് രജിസ്റ്റർ ചെയ്യുന്നതിലും തുടരന്വേഷണം നടത്തുന്നതിനും ബഹു.സുപ്രീംകോടതി ചില മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ചുകൊണ്ടുള്ള ഒരു നിർദ്ദേശമാണ് എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരണവുമായി ബന്ധപ്പെട്ട് എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുള്ളത്. സംസ്ഥാനാടിസ്ഥാനത്തിൽ അന്വേഷണ അധികാരമുള്ള ഒരു പ്രത്യേക ക്രൈംബ്രാഞ്ച് എക്സൈസ് വകുപ്പിൽ രൂപീകരിക്കുന്നതിന് ഇത്തരത്തിൽ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിന് തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**